**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3312** **13-07-2022 - ൽ മറുപടിയ്ക്ക്**

**പുറമ്പോക്ക് ഭൂമിയിൽ നിന്നും മെറ്റലുകൾ നീക്കം ചെയ്യുന്നതിനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എം.സച്ചിൻദേവ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് ജില്ലയിലെ പനങ്ങാട് ഗ്രാമപഞ്ചായത്തിൽ വർഷങ്ങളായി പുറമ്പോക്ക് ഭൂമിയിൽ കൂട്ടിയിട്ട പൊതുമരാമത്ത് വകുപ്പിന്റെ മെറ്റലുകൾ നീക്കം ചെയ്യുന്നതിനായി ഗ്രാമ പഞ്ചായത്ത് അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ; | (എ) | പഞ്ചായത്ത് ഭരണസമിതിയുടെ അപേക്ഷയെ തുടർന്ന് പനങ്ങാട് ഗ്രാമപഞ്ചായത്തിലെ പുറമ്പോക്ക് ഭൂമിയിൽ കൂട്ടിയിട്ട പൊതുമരാമത്ത് വകുപ്പിന്റെ മെറ്റലുകൾ നീക്കം ചെയ്യുന്നതിനായി പൊതുമരാമത്ത് വകുപ്പിന് ജില്ലാ കളക്ടറുടെ കാര്യാലയത്തിൽ നിന്നും കത്ത് നല്കിയെങ്കിലും ആയത് ഇനിയും നീക്കം ചെയ്തിട്ടില്ല. |
| (ബി) | പുറമ്പോക്ക് ഭൂമിയിൽ നിന്നും മെറ്റൽ നീക്കം ചെയ്യുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (ബി) | ബാലുശ്ശേരി, കുറുമ്പൊയിൽ റോഡിന്റെ പരിഷ്കരണ പ്രവൃത്തിയുടെ ഭാഗമായി റോഡരികിലും പനങ്ങാട് പഞ്ചായത്തിന്റെ അധീനതയിലുള്ള സ്ഥലത്തും ദീർഘ നാളായി കൂട്ടിയിട്ടിരുന്ന കരിങ്കൽ ചീളുകൾ ഒന്നിലധികം തീയതികളിൽ ലേലം നടത്തിയിരുന്നെങ്കിലും ആരും പങ്കെടുത്തിരുന്നില്ല. 12-4-19 ന് ക്ഷണിച്ച മുദ്ര വെച്ച ക്വട്ടേഷനിൽ ലഭ്യമായ അപേക്ഷയിൽ കൂടുതൽ തുക രേഖപ്പെടുത്തിയ M/S Anjana Constructions എന്ന കരാറുകാർക്ക് ലേലം അനുവദിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് നിരത്ത് ഉപവിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനിയർ സമർപ്പിച്ച അപേക്ഷ മേലാഫീസിൽ നിന്നും അംഗീകരിച്ച് കിട്ടുകയുണ്ടായില്ല. തുടർന്ന് കരിങ്കൽ ചീളുകൾ കഴകി ഡിപ്പാർട്ട്മെന്റ് പ്രവൃത്തികൾക്ക് ഉപയോഗിക്കണമെന്ന സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത കരിങ്കൽ ചീളുകളുടെ സാമ്പിൾ ശേഖരിച്ച് Impact Value Test നടത്തുകയുണ്ടായി. എന്നാൽ കേരള പൊതുമരാമത്ത് വകുപ്പ് നിരത്ത് ഉപവിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനിയർ പ്രസ്തുത കരിങ്കൽ ചീളുകൾ ഡിപ്പാർട്ട്മെന്റ് പ്രവൃത്തികൾക്ക് ഉപയോഗിക്കാൻ സാധിക്കുകയില്ലെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ